## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 984 28.04.2017 ൽ മറുപടിയ്ക്ക്

# ഇ ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ലാന്റ് റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈൻ ആയി നൽകി വരുന്നു. എപ്പോഴും, എവിടെ നിന്നും വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് നടപ്പിലാക്കി വരുന്നത്. ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടെ ആവശ്യമെങ്കിൽ പൊതുജനത്തിന് വീട്ടിലിരുന്ന് തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭിക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇ-ഡിസ്ട്രിക്ട് വഴി ലഭിക്കുന്ന സേവനങ്ങൾക്ക് സർവീസ് ചാർജ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇ-ഡിസ്ട്രിക്ട് മുഖേന സർട്ടിഫിക്കറ്റുകൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷിക്കുന്നതിന് നിലവിൽ 17 രൂപയാണ് ഫീസ്. ഇതിൽ 10 രൂപ അക്ഷയ കേന്ദ്രത്തിനുള്ള സർവ്വീസ് ചാർജ്ജും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പിനുള്ള തുകയും 2 രൂപ സർക്കാരിനുള്ള വിഹിതവുമാണ്. കൂടാതെ, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിന് 2 രൂപയും, രേഖകൾ/സർട്ടിഫിക്കറ്റ് സ്കാൻ/പ്രിന്റ് ചെയ്യുന്നതിന് പേജ് ഒന്നിന് 2 രൂപയും, നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ/ബി.പി.എൽ വിഭാഗത്തിൽ-പ്പെടുന്നവരെ മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം കോർട്ട്ഫീസ്റ്റാമ്പ്/ സർക്കാരിനുള്ള വിഹിതം എന്നിവ അടയ്ക്കുന്നതിൽ നിന്നും 17.10.2013 ലെ സ.ഉ(കൈ) നം. 31/2013/വിസാവ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇ-ഡിസ്ട്രിക്ട് വഴി അപേക്ഷിക്കുന്ന സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | റവന്യൂ വകുപ്പിന്റെ പൗരാവകാശ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ